**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2369** **12-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (എ) | **അനുബന്ധം ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ബിരുദ ആൺകുട്ടികളുടെ ഹോസ്റ്റലിൽ പുതിയതായി ഒരു ബ്ലോക്ക് പണി കഴിപ്പിച്ചിട്ടുണ്ട്. 3 നിലകളോട് കൂടിയ ടി ബ്ലോക്കിൽ ഏതാണ്ട് 100 വിദ്യാർത്ഥികൾക്ക് താമസിക്കാവുന്നതാണ്. ഡെന്റൽ, ഫാർമസി മറ്റു പാരാമെഡിക്കൽ വിദ്യാർത്ഥിനികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി 18 കോടിയുടെ എസ്റ്റിമേറ്റ് തുകയിൽ പുതിയ ഹോസ്റ്റലിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 7 നിലകളുള്ള കെട്ടിടത്തിന്റെ ആദ്യ 4 നിലകളുടെ നിർമ്മാണം പൂർത്തിയായി അവിടെ വിദ്യാർത്ഥിനികളെ താമസിപ്പിച്ചു തുടങ്ങി. 2016-17 സാമ്പത്തിക വർഷം പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ് ലേഡീസ് ഹോസ്റ്റലിൽ ഒരു കോടി രൂപയുടെയും ബിരുദ ആൺകുട്ടികളുടെ ഹോസ്റ്റലിൽ 1.15 കോടി രൂപയുടെയും അറ്റകുറ്റപണികൾ നടത്തി. ബിരുദ ആൺകുട്ടികളുടെ ഹോസ്റ്റലിൽ 2021-22 സാമ്പത്തിക വർഷം അറ്റകുറ്റ പണികൾക്കായി 2 കോടി അനുവദിക്കുകയും 90 % പണി പൂർത്തിയാകുകയും ചെയ്തു. ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനികളുടെ ഹോസ്റ്റൽ നവീകരണത്തിനായി 2016-17 സാമ്പത്തിക വർഷം ഒന്നര കോടി അനുവദിക്കുകയും നവീകരണം നടത്തുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷത്തിൽ മെൻസ് ഹോസ്റ്റൽ രണ്ടിൽ 1.40 കോടി രൂപയുടെ അറ്റകുറ്റ പണികൾ നടത്തി.

## കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ മെൻസ് & ലേഡീസ് ഹോസ്റ്റലുകളുടെ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ മെൻസ് & ലേഡീസ് ഹോസ്റ്റലുകൾ Asset maintenance fund ൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. കൂടാതെ പുതിയ ലേഡീസ് ഹോസ്റ്റലിന് Rs.43,04,000/- പഴയ ലേഡീസ് ഹോസ്റ്റലിന് Rs.3,60,000/- ലേഡീസ് ഹൗസ് സർജൻസ് ക്വാർട്ടേഴ്സിന് Rs.2,11,000/- മെൻസ് ഹൗസ് സർജൻസ് ക്വാർട്ടേഴ്സിന് Rs. 8,08,000/- വീതവും ഫർണിച്ചർ, വാട്ടർ പ്യൂരിഫയർ, വാട്ടർ കൂളർ തുടങ്ങിയവ വാങ്ങുന്നതിന് GO(Rt)No. 2185/22/H&FWD dtd. 04/09/2022 പ്രകാരം Development of Medical Colleges Under DME - Medical College, Kottayam എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ്

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കുട്ടികൾക്കുള്ള താമസ സൗകര്യത്തിനായി ആധുനിക സജ്ജീകരണത്തോടെ ഹോസ്റ്റൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ആയതു പൂർത്തിയാകുന്നത് വരേയ്ക്കും നിലവിൽ ആൺകുട്ടികൾക്കായി പാറേമാവ് ഹോസ്റ്റലും പെൺകുട്ടികൾക്കായി പൈനാവിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഗിരിരാണിയിലും സൗകര്യം ഒരുക്കിയിട്ടുണ്ട്.

## കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ മെഡിക്കൽ വിദ്യാർത്ഥികളായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ വിദ്യാർത്ഥിയ്ക്കും കട്ടിൽ, കസേര, കബോർഡ്, സ്റ്റഡി ടേബിൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ

പഠനത്തിനായി ഫ്രീ വൈ ഫൈ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് പഠനത്തിനും വായനയ്ക്കുമായി ഹോസ്റ്റലിൽ ശീതീകരിച്ച ലൈബ്രറി റൂം സജ്ജമാക്കിയിട്ടുണ്ട്. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി എല്ലാ നിലയിലും 2 വാട്ടർ ഫിൽറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ റിക്രിയേഷനുവേണ്ടി അകത്തളത്തിൽ ഒരു ബാഡ്മിന്റൺ കോർട്ട് സ്ഥാപിച്ചിട്ടുണ്ട്. ഇൻഡോർ സ്പോർട്സിനുവേണ്ടി (ടേബിൾ ടെന്നീസ്, ചെസ്, ക്യാരംസ്) ഒരു റൂം ലഭ്യമാക്കിയിട്ടുണ്ട്. ക്യാമ്പസിൽ വിദ്യാർത്ഥികൾക്കായി ജിംനേഷ്യം സ്ഥാപിച്ചിട്ടുണ്ട്. ഓരോ നിലയിലും ഓരോ വാഷിംഗ് മെഷീൻ വീതം ലഭ്യമാക്കിയിട്ടുണ്ട്. ഹോസ്റ്റലിലെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കാൻ കെയർ ടേക്കർ, സെക്യൂരിറ്റി സ്റ്റാഫ്, ഹൗസ് കീപ്പിംഗ് സ്റ്റാഫ് എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വനിത ഹോസ്റ്റലിൽ 24 മണിക്കൂർ (റോട്ടേഷൻ അടിസ്ഥാനത്തിൽ) വനിത സെക്യൂരിറ്റി സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്.

<u>കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്</u>

<u>2016-2017</u>

250 MBBS ആൺകുട്ടികളായ വിദ്യാർത്ഥികൾക്കുള്ള പുതിയ ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള 14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്

<u>2017-2018</u>

71.8 ലക്ഷം രൂപയുള്ള ഭരണാനുമതിയിൽ ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ V (പാരാമെഡിക്കൽ) ന്റെയും പെണകുട്ടികൾക്കുള്ള ഹോസ്റ്റൽ IV(MBBS) ന്റെയും നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു.

<u>2018-2019</u>

ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ I, II, IV (MBBS) ന്റെ നവീകരണത്തിനായി 2 കോടി രൂപയുടെയും പഴയ പി.ജി. ഹോസ്റ്റലിന്റെയും പുതിയ പി.ജി. ഹോസ്റ്റലിന്റെ നവീകരണത്തിനായി 60 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു

<u>2019-20</u>

ആൺകുട്ടികൾക്കായുള്ള (MBBS) ഹോസ്റ്റലിന് 8.4 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>2020-21</u>

250 ഹൗസ് സർജൻസിനുള്ള ഹോസ്റ്റൽ നിർമ്മാണത്തിനായി 7.5 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവർത്തികൾക്കായി എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി പൊതുമരാമത്ത് വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്.

<u>എറണാകുളം സർക്കാർ മെഡിക്കൽ കോളേജ്</u>

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നുണ്ട്. നിലവിലെ ഹോസ്റ്റലുകളിൽ PWD മുഖേന നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പുതിയ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1 കോടി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുകൂടാതെ പുതിയ MBBS ഹോസ്റ്റൽ സമുച്ചയം KIIFBI പ്രോജക്റ്റിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

<u>കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്.</u>

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പി.ജി. ഹോസ്റ്റൽ നിർമ്മാണത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ G.O(Rt)No. 734/2022/H&FWD ഉത്തരവ് പ്രകാരം 28.16 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2022-23 സാമ്പത്തിക വർഷത്തിൽ 26.11.2022 തീയതിയിലെ GO(Rt) No. 2811/2022/H&FWD പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് .

ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ എന്നിവയുടെ അറ്റകുറ്റ പണികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 21/01/2022 തീയതിയിലെ G.O(Rt)No. 171/2022/H&FWD ഉത്തരവ് പ്രകാരം 2,06,01,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

## കോന്നി സർക്കാർ മെഡിക്കൽ കോളേജ്

കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്കെല്ലാം താമസ സൗകര്യം ക്യാംപസിൽ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണം അവസാനഘട്ടത്തിലാണ്.

## തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ്

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ 4.15 കോടി രൂപ ചെലവിൽ നിർമ്മിച്ച എം.ബി.ബി.എസ് ലേഡീസ് ഹോസ്റ്റൽ 2021 ഫെബ്രുവരി മാസത്തിൽ ഉദ്ഘാടനം ചെയ്തു. 12.81 കോടി രൂപ ചെലവിൽ നിർമ്മിച്ച 56 അപ്പാർട്ടുമെന്റുകൾ ഉൾപ്പെടുന്ന പി.ജി. ഹോസ്റ്റൽ സമുച്ചയം 2022 സെപ്റ്റംബറിൽ പ്രവർത്തനക്ഷമമാക്കി വിദ്യാർത്ഥികൾക്ക് കൈമാറി. 50 ലക്ഷം രൂപ ചെലവിൽ പഴയ ഫിസിയോളജി ഡിപ്പാർട്ടുമെന്റ് നവീകരിച്ച് 65 ഹൗസ് സർജൻമാർക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്ന പ്രവൃത്തി 2022 നവംബർ മാസത്തിൽ പൂർത്തിയാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 100 എം.ബി.ബി.എസ് ആൺകുട്ടികൾക്കായി 3.09 കോടി രൂപ ചെലവിൽ നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടം 2020 ജൂലൈ മാസത്തിൽ ഉദ്ഘാടനം ചെയ്തു. ഹോസ്റ്റലുകളുടെ അറ്റകുറ്റപണികൾക്കും പെയിന്റിംഗിനുമായി 2020-21, 2021-22, 2022-23 ആകെ 1.70 കോടി രൂപ അനുവദിച്ചു.

## മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി മെസ്സേഴ്സ് കിറ്റ്കോ ചുമതലയിൽ 103.86 കോടി ചെലവഴിച്ചു നടക്കുന്ന നിർമ്മാണ പ്രവർത്തികളിൽ ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ എന്നിവ ഉൾപ്പെട്ടിരുന്നു. ഇതിൽ ബോയ്സ് ഹോസ്റ്റൽ സിവിൽ ഇലക്ട്രിക്കൽ പ്രവർത്തികൾ പൂർത്തിയാക്കി പെൺകുട്ടികളെ താമസിപ്പിച്ചിട്ടുണ്ട്. ടീച്ചിങ് സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ 9 ഫ്ലാറ്റുകൾ സജ്ജമാക്കിയും ഫ്രീ റാമ്പ് കെട്ടിടം കൂടിയും ഉപയോഗപ്പെടുത്തി ആൺകുട്ടികളെയും താമസിപ്പിച്ചിട്ടുണ്ട്. ഗേൾസ് ഹോസ്റ്റൽ ഇലക്ട്രിക്കൽ പ്രവർത്തികൾ നടന്നു വരുന്നു. ഇത് പൂർണ്ണ സജ്ജമായാൽ കൂടുതൽ സൗകര്യം വിദ്യാർത്ഥികൾക്ക് ലഭ്യമാകും. നിലവിൽ ഈ സ്ഥാപനത്തിലെ ഹോസ്റ്റൽ സൗകര്യം ആവശ്യമുള്ള മുഴുവൻ വിദ്യാർത്ഥികളെയും കോളേജ് ക്യാമ്പസിനുള്ളിൽ വിവിധ കെട്ടിടങ്ങളിൽ താമസിപ്പിച്ചിട്ടുണ്ട്.

## ആലപ്പുഴ ഗവ.റ്റി.ഡി. മെഡിക്കൽ കോളേജ്

ആലപ്പുഴ ഗവ.റ്റി.ഡി. മെഡിക്കൽ കോളേജിൽ 07/01/2022 ലെ ജി.ഒ.(ആർ.റ്റി) നം. 49/2022/എച്ച് &എഫ്.ഡബ്ല്യൂ.ഡി ഉത്തരവിൻ പ്രകാരം മെൻസ് ഹോസ്റ്റൽ നം. 1, ലേഡീസ് ഹോസ്റ്റൽ നമ്പർ 2 എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി യഥാക്രമം 24,98,768/- രൂപയും 19,99,023/- രൂപയും അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഫാർമസി-പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് 180 മുറികളോട്ടു കൂടിയ (രണ്ട് കുട്ടികൾക്ക് ഒരു മുറി ഉപയോഗിക്കത്തക്കവിധം) 4 നില കെട്ടിടം നിർമ്മിക്കുന്നതിനും, എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് 3 നിലകളിലായി 180 മുറികളോട്ടു കൂടിയ (രണ്ട് കുട്ടികൾക്ക് ഒരു മുറി ഉപയോഗിക്കത്തക്കവിധം) പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് യഥാക്രമം 40,77,16,000/-, 39,93,56,000/- രൂപയുടെയും എസ്റ്റിമേറ്റ് ഉൾപ്പെടെ ഉള്ള പ്രൊപ്പോസൽ

സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഹോസ്റ്റലുകൾ, മതിലുകൾ കെട്ടി മുള്ളുവേലി സ്ഥാപിച്ച് സുരക്ഷിതമാക്കിയിട്ടുള്ളതും വിദ്യാർത്ഥികളുടെ സുരക്ഷക്കായി സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

ലേഡീസ് ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥിനികൾക്ക് ആവശ്യമായ ഫർണിച്ചറുകൾ നൽകിയിട്ടുണ്ട്. രാത്രികാലങ്ങളിൽ എല്ലാ ഹോസ്റ്റലുകളുടെയും ഗേറ്റിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കുട്ടികളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ എല്ലാ ഹോസ്റ്റലിലും ഹൗസ്കീപ്പർ തസ്തികയിൽ ആളെ നിയോഗിച്ചിട്ടുണ്ട്. കായിക വിനോദങ്ങൾക്കായി ഹോസ്റ്റലിനുള്ളിൽ ബാഡ്മിന്റൺ കോർട്ട് പണി കഴിപ്പിച്ചിട്ടുണ്ട്. ലേഡീസ് ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾക്ക് Incinerator ഉം ഉണ്ട്. Sick Room, Study room മുതലായ സൗകര്യങ്ങളും ഹോസ്റ്റലിൽ ലഭ്യമാക്കിയിട്ടുണ്ട്. കുടിവെള്ളത്തിനായി ഓരോ ഹോസ്റ്റലിലും R.O Plant ഉം സ്ഥാപിച്ചിട്ടുണ്ട്.

അതോടൊപ്പം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ് കോളേജുകളിൽ നിന്നും ശുപാർശകൾ ക്ഷണിക്കുകയും അതിൻപ്രകാരം ലഭ്യമായ ശുപാർശകൾ ക്രോഡീകരിച്ച് 300 കോടി രൂപയുടെ ഒരു പദ്ധതി, ഫണ്ട് അനുവദിക്കുന്നതിനും തുടർ തീരുമാനങ്ങൾക്കുമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ഈ പ്രൊപ്പോസലിൻമേൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

[signature] സെക്ഷൻ ഓഫീസർ